"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബജറ്റ് പ്രവൃത്തി - 2025-26- **'കൊല്ലം കോർപ്പറേഷൻ- 24,27,34,44 ഡിവിഷനുകളിലെ വിവിധ റോഡ് നവീകരണ പ്രവൃത്തികൾ' (കോളേജ് ഡിവിഷൻ കരിക്കോട് കുറ്റിച്ചിറ റോഡ് നവീകരണം, കൻ്റോൺമെൻ്റ് ഡിവിഷൻ കുറവൻപാലം ഓടയിൽകാവ് റോഡ് ഇൻറർലോക്കിംഗ്, കൊല്ലൂർവിള ഡിവിഷൻ കെടിഎൻ നഗർ ഓടനവീകരണവും കവറിംഗ് സ്ലാബ് നിർമ്മാണവും വടക്കേവിള ഡിവിഷൻ കുറുപ്പ് സാർ റോഡ് ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും)** ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.267/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.11.2025-ലെ LSGD/PD/34183/2025-EW2-നമ്പർ കത്ത്

ഉത്തരവ്

2025-26 - ലെ ബജറ്റ് പ്രൊപോസൽ അനുബന്ധം II, വാല്യം -II, ക്രമ. നമ്പർ 2821 ആയി ഉൾ പ്പെട്ടിട്ടുള്ള **കൊല്ലം, ഇരവിപുരം നിയമസഭാ മണ്ഡലം കൊല്ലം കോർപ്പറേഷൻ 24,27,34,44 ഡിവിഷനുകളിലെ വിവിധ റോഡ് നവീകരണ പ്രവൃത്തികൾ** (കോളേജ് ഡിവിഷൻ കരിക്കോട് കുറ്റിച്ചിറ റോഡ് നവീകരണം, കൻ്റോൺമെൻ്റ് ഡിവിഷൻ കുറവൻപാലം ഓടയിൽകാവ് റോഡ് ഇൻറർലോക്കിംഗ്, കൊല്ലൂർവിള ഡിവിഷൻ കെടിഎൻ നഗർ ഓടനവീകരണവും കവറിംഗ് സ്ലാബ് നിർമ്മാണവും വടക്കേവിള ഡിവിഷൻ കുറുപ്പ് സാർ റോഡ് ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും) എന്ന പ്രവൃത്തിയുടെ 1,56,10,000/- രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026-വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമ നമ്പർ.2821 ആയി, 200 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയിരിക്കുന്ന **'കൊല്ലം കോർപ്പറേഷൻ-24,27,34,44 ഡിവിഷനുകളിലെ വിവിധ റോഡ് നവീകരണ പ്രവൃത്തികൾ** (കോളേജ് ഡിവിഷൻ കരിക്കോട് - കുറ്റിച്ചിറ റോഡ് നവീകരണം, കന്റോൺമെന്റ് ഡിവിഷൻ കുറവൻ പാലം - ഓടയിൽകാവ് റോഡ് ഇന്റർ ലോക്കിങ്, കൊല്ലൂർവിള ഡിവിഷൻ കെടിഎൻ നഗർ ഓടനവീകരണവും കവറിംഗ് സ്ലാബ് നിർമ്മാണവും വടക്കേവിള ഡിവിഷൻ കുറുപ്പ് സാർ റോഡ് ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും) പ്രവൃത്തികൾക്ക് C.T.E.-യുടെ ചുവടെ പറയുന്ന Remarks- വിധേയമായി, 1,56,10,000/- രൂപയുടെ (Rupees One Crore Fifty-Six Lakh and Ten Thousand only) ഭരണാനുമതി നൽകിയും ടി പ്രവൃത്തിക്കുള്ള ചെലവ് '4217-60-051-94(NP)' എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷനായി അനുവദിച്ചിട്ടുള്ളതിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## Remarks.

1. The Chief Engineer shall ensure that the works proposed in the estimate shall satisfy the functional requirements as envisaged;
2. The working chainages shall be verified by the T.S. authority, who shall also ensure the structural stability of the existing supporting wall during the drain works;
3. T.S. authority shall ensure the correctness of the rates adopted for observed data provided in the estimates and the quality of materials during the time of execution;
4. The competent authority shall ensure the admissibility of provisions included in the estimate with the site conditions before issuing the Technical Sanction;
5. The Technical Sanctioning Authority shall ensure the incorporation of adequate measures to prevent flooding that may arise due to the construction;
6. The name 'College Division-Karikkode-Kutichira Road Renovation' was included in this AS proposal; however, as the work is being carried out under another AS( attached), the estimate has not been incorporated. Nevertheless, to avoid duplication, the TS authority shall confirm that no work will be executed in the College Division under this A.S.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3324289/DEV-3/313/2025-Fin dated 17.01.2026) (AS/LGD/25/48274)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/791/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Smitha. L

സെക്ഷൻ ഓഫീസർ

Date: 03-02-2026 11:00:27